# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ജന്റം പദ്ധതി</u>

5205 ശ്രീ. ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജന്റം (ഖചചഡഞങ) പദ്ധതിയുടെ ഭാഗമായി ഗതാഗത വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാം;

(സി) എല്ലാ ജില്ലകളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ;

(ഡി) പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

പുതിയ ബസ്സുകൾ

5206 ശ്രീ. സി. കൃഷ്ണൻ
,, ആർ. സെൽവരാജ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. പുതുതായി എത്ര ബസ് റോഡിലിറക്കിയിട്ടുണ്ട് ;

(ബി) കെ. എസ്. ആർ. ടി. സിക്ക് പുതിയ എത്ര ബസ് ആവശ്യമാണ് ;

(സി) പുതിയ ബസ് വാങ്ങുന്നതിനുള്ള പണം കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് കെ. എസ്. ആർ. ടി. സി. റോഡിലിറക്കിയ പുതിയ ബസ്സുകൾ മൊത്തം എത്രയായിരുന്നു?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ</u>

5207 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഈ സാമ്പത്തിക വർഷം എത്ര ബസുകൾ പുതുതായി ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര ബസുകൾ മലപ്പുറം ജില്ലക്ക് നൽകുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ലോ ഫ്ളോർ ബസ്സുകൾ</u>

5208

ശ്രീ. ബി. സത്യൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, രാജു എബ്രഹാം
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പുതിയ എത്ര ലോ ഫ്ളോർ ബസ്സുകൾ ലഭിക്കാനുണ്ട്;

(ബി) ഏതെല്ലാം നഗരങ്ങളിൽ എത്ര ബസ്സുകൾ വീതമാണ് നൽകുന്നത്;

(സി) ഇതിനായി സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ലോ ഫ്ളോർ ബസ്സുകൾ ഉണ്ടായിരുന്നു ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി.ക്ക് ലഭിക്കുന്ന ധനസഹായം</u>

5209

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസുകൾ വാങ്ങുന്നതിന് കെ. എസ്. ആർ. ടി. സി.ക്ക് എവിടെനിന്നെല്ലാം ധനസഹായം ലഭിച്ചിട്ടുണ്ട്; എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് തുക ലഭിക്കുന്നത്;

(ബി) എത്ര വർഷം കൊണ്ടാണ് പ്രസ്തുത തുക ഓരോന്നും തിരിച്ച് നൽകേണ്ടത്; പ്രസ്തുത ധനസഹായവും പലിശയും ചേർത്ത് ഓരോ ബസിനും എത്ര രൂപ തിരിച്ചടയ്ക്കേണ്ടിവരും ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ പുതിയ ഷെഡ്യൂളുകൾ

5210 പ്രൊഫ. സി. രവീന്ദ്രനാഥ്
,, പുരുഷൻ കടലുണ്ടി
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയ ഷെഡ്യൂളുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ ഷെഡ്യുളുകൾ തുടങ്ങി: ഏതൊക്കെ റൂട്ടുകളിൽ; ഏതൊക്കെ മണ്ഡലങ്ങളിൽ;

(സി) സ്വകാര്യ ബസുകൾക്ക് പുതുതായി റൂട്ടുകൾ അനുവദിക്കുന്നുണ്ടോ;

(ഡി) നിലവിൽ യാത്രാസൗകര്യം തീരെയില്ലാത്ത റൂട്ടുകളിൽ ബസ്സുകൾക്ക് റൂട്ടനുവദിക്കുന്നതിന് മുൻഗണന നൽകുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആര്‍. ടി. സി.യെ പുരോഗതിയിലേയ്ക്ക് നയിക്കാന്‍ നടപടികള്‍</u>

5211 ശ്രീ. മുല്ലക്കര രത്നാകരന്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡ്രൈവര്‍മാരുടെ കുറവ്, ഇന്ധനക്ഷാമം, ടയര്‍, സ്പെയര്‍ പാര്‍ട്ട്സ് ക്ഷാമം എന്നിവ മൂലം കെ.എസ്. ആര്‍.ടി.സി യില്‍ പ്രതിദിനം എത്ര ബസ് സര്‍വ്വീസുകള്‍ മുടങ്ങുന്നുണ്ട് ;

(ബി) ഇത്തരത്തില്‍ സര്‍വ്വീസുകള്‍ മുടങ്ങുന്ന വകയില്‍ പ്രതിദിനം എത്ര തുക നഷ്ടം വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആയിരം പുതിയ ബസ്സുകള്‍ കൂടി നിരത്തിലിറക്കുമ്പോള്‍ ആയിരം സര്‍വ്വീസുകള്‍ കൂടി ആരംഭിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) കാലപ്പഴക്കത്തെ തുടര്‍ന്ന് പിന്‍വലിക്കേണ്ട എത്ര ബസ്സുകള്‍ കെ.എസ്.ആര്‍.ടി.സി. യ്ക്കുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>എടത്വ ഡിപ്പോയിലേക്ക് പുതിയ ഷെഡ്യൂളുകൾ</u>

5212 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് പുതിയ ഷെഡ്യൂളുകൾ ഉൾപ്പെടെ എന്തെല്ലാം നവീകരണ പദ്ധതികളാണ് ആവിഷ്കരിച്ചത്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഡിപ്പോയുടെ പരിഷ്കരണത്തിനും ഷെഡ്യൂളിനും വേണ്ടി ബഹു. എം.പി. നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യിൽ വാഹനക്ഷാമം പരിഹരിക്കുവാൻ നടപടി</u>

5213 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും കെ.എസ്.ആർ.ടി.സി. യുടെ എത്ര വാഹനങ്ങൾ എത്ര വീതം സർവ്വീസ് നടത്തുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) വാഹനങ്ങൾക്ക് അനുഭവപ്പെടുന്ന ക്ഷാമം പരിഹരിക്കുവാൻ പുതിയ വാഹനങ്ങൾ വാങ്ങുന്നുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി.യുടെ അടിസ്ഥാന സൗകര്യ വികസനം</u>

5214 ശ്രീ. കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) സ്ത്രീ യാത്രക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി നടപ്പാക്കിയിട്ടുള്ളത്;

(സി) പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം തുടർന്നു കൊണ്ടുപോകുന്നതിന് എന്തെല്ലാം യാത്രാസൗകര്യങ്ങൾ നൽകിവരുന്നു?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യാൻ നടപടി</u>

5215 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സംസ്ഥാനങ്ങളിലാണ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുള്ളതെന്ന് അറിയാമോ;

(ബി) കെ.എസ്.ആർ.ടി.സി പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കറൻസി കൗണ്ടിംഗ് മെഷീൻ</u>

5216 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ഏതെല്ലാം ഡിപ്പോകളിലാണ് കറൻസി കൗണ്ടിംഗ് മെഷീൻ സൗകര്യമുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മെഷീന്റെ അഭാവം മൂലം ഭൂരിഭാഗം ഡിപ്പോകളിലും കളക്ഷൻ ഏൽപ്പിക്കുമ്പോൾ കണ്ടക്ടർമാർ, വിശിഷ്യാ സ്ത്രീ കണ്ടക്ടർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ ഡിപ്പോകളിലും കറൻസി കൗണ്ടിംഗ് മെഷീൻ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതിൽ അപാകതകൾ

5217 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതിൽ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനിമം ചാർജ്ജ് 4 രൂപയിൽ നിന്ന് 5 രൂപയായി വർദ്ധപ്പിക്കുന്നതിനും മിനിമം ചാർജിൽ സഞ്ചരിക്കാവുന്ന ദൂരം 2 സ്റ്റേജാക്കുകയും ചെയ്യാനല്ലാതെ മന്ത്രിസഭ മറ്റ് എന്തെല്ലാം കാര്യങ്ങൾക്കാണ് തീരുമാനം എടുത്തിരുന്നത്;

(സി) സ്വകാര്യ ബസുടമകൾ കിലോമീറ്ററിന് എത്ര പൈസയാണ് ആവശ്യപ്പെട്ടിരുന്നത്;

(ഡി) ഇപ്പോൾ 20 കി.മി യാത്ര ചെയ്യുന്ന ഒരു യാത്രക്കാരനിൽ നിന്ന് എത്ര രൂപയാണ് ചാർജ്ജായി വാങ്ങുന്നത്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഫെയർ സ്റ്റേജ് നിർണ്ണയത്തിൽ അപാകത</u>

5218 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിൽ നിലവിലുളള ഫെയർ സ്റ്റേജ് നിർണ്ണയം അപാകതയുളളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രധാന സ്റ്റോപ്പുകളെയും, വ്യാപാരകേന്ദ്രങ്ങളെയും ഒഴിവാക്കി അതിന് മുമ്പുളള അപ്രധാന സ്റ്റോപ്പുകളിൽ ഫെയർ സ്റ്റേജ് നിശ്ചയിച്ചതുമൂലം യാത്രക്കാർക്കുണ്ടായിട്ടുളള നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രധാന കേന്ദ്രങ്ങളിലേക്ക് ഫെയർ സ്റ്റേജ് പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ എന്ന് നടപ്പിലാക്കാൻ കഴിയും; വിശദമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ബസ് യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി</u>

5219 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിവരുന്ന റൂട്ടുകളിൽ കൃത്യമായി ബസ്സുകൾ ഓടിക്കാത്തതുകാരണം യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി യാത്രാ സൗജന്യം</u>

5220 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം എത്ര കിലോമീറ്റർ ദൂരമാണ്;

(ബി) ജില്ലാതലത്തിൽ യാത്ര ചെയ്യാൻപോലും പ്രസ്തുത ആനുകൂല്യം അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ദൂരപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ കെ. എസ്. ആർ. ടി. സി. നടത്തുന്ന എല്ലാ സംസ്ഥാന - അന്തർ സംസ്ഥാന സർവ്വീസുകളിലും ഇവർക്ക് യാത്രാ സൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രക്ലേശം</u>

5221 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യാർത്ഥികളുടെ യാത്രക്ലേശം പരിഹരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ കെ.എസ്.ആർ.ടി.സി. ബസുകളിലും വിദ്യാർത്ഥികൾക്ക് യാത്ര ചാർജ് ഇളവ് അനുവദിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. ഡിപ്പോകളുടെ നവീകരണം

5222 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഡിപ്പോകളുടെ നവീകരണം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ഡിപ്പോയിലും യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് വെയിറ്റിംഗ് ഷെഡ്ഡും നല്ല നിലയിലുള്ള പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ ആധുനിക രീതികളിൽ നിർമ്മിച്ച യൂറിൻ ഷെഡ്ഡുകൾ വൃത്തിഹീനമായും പ്രവർത്തനരഹിതമായും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

## ചീമേനി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

5223

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി കേന്ദ്രീകരിച്ച് ഒരു കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലവും താല്ക്കാലിക കെട്ടിടവും നൽകിയാൽ ആയതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ്</u>

5224 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി., സ്റ്റേറ്റ് സർവ്വീസ് എന്ന വിഭാഗത്തിലാണോ; സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് എന്ന വിഭാഗത്തിലാണോ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി. യിൽ 20-12-2010 ലെ ജി. ഒ.(പി) നമ്പർ 42/2010/പി. ആന്റ് എ. ആർ. ഡി. എന്ന ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ കെ. എസ്. ആർ. ടി. സി. യുടെ ഏത് ബോർഡ് മീറ്റിംഗിലാണ് പ്രസ്തുത ഉത്തരവ് നടപ്പിലാക്കാനുള്ള തീരുമാനമെടുത്തിട്ടുള്ളത്;

(ഡി) ബോർഡ് തീരുമാനമില്ലാതെ ഇത്തരത്തിലുള്ള ഉത്തരവ് നടപ്പിലാക്കാനുള്ള അധികാരം കെ. എസ്. ആർ. ടി. സി. യിലെ ഏത് അധികാരിക്കാണുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാർ</u>

5225 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ സർക്കാർ ഏറ്റെടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കെ.എസ്.ആർ.ടി.സി. യിലെ ജീവനക്കാർക്കും പെൻഷൻ കാർക്കും സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

വര്‍ക്ക് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകള്‍

5226 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. യുടെ വിവിധ ഡിപ്പോകളിലായി വര്‍ക്ക് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകള്‍ നിലവിലുണ്ട് എന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകള്‍ പി.എസ്.സി. ക്ക് റിപ്പോര്‍ട്ട് ചെയ്യാന്‍ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവില്‍ ഉണ്ടെങ്കില്‍ ആയതിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പിൽ ഹൈഡ്രോളിക് ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി</u>

5227

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ സർവ്വീസുകൾ മുടങ്ങുന്നതു വഴി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പിൽ ഹൈഡ്രോളിക് ലിഫ്റ്റ് പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. വ്യാപകമായി വാങ്ങി ഉപയോഗിച്ചുവരുന്ന സോഫ്റ്റ് ലാൻഡ് കമ്പനിയുടെ ഇ.ടി.എം. മെഷീനുകൾ വലിയതോതിൽ തകരാറിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചാലക്കുടിയിൽ മാത്രം 20-ഓളം മെഷീനുകൾ കേടായിട്ടുള്ളത് ഉൾപ്പെടെ കമ്പനിയിൽ നിന്ന് ഫൈൻ ഈടാക്കുന്നതിനും റീപ്ലെയ്സ് ചെയ്യിക്കുന്നതിനും നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>നാദാപുരം തൊട്ടില്‍പാലം ഡിപ്പോ</u>

5228 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൊട്ടില്‍പാലം കെ.എസ്.ആര്‍.ടി.സി. ഡിപ്പോയില്‍ നിലവില്‍ എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് പേര് സഹിതം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഡിപ്പോയില്‍ ജീവനക്കാരുടെ ശമ്പളയിനത്തില്‍ ഒരു മാസം ചിലവാകുന്ന തുക എത്ര; ഒരു മാസം 'ഇന്ധന'യിനത്തില്‍ ചിലവാകുന്ന തുകയും ബസ് സര്‍വ്വീസ് കളക്ഷന്‍ വഴി ലഭ്യമാകുന്ന സംഖ്യയും എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

ആശ്രിത നിയമനം

5229 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവറായിരിക്കെ ബംഗളൂരു റൂട്ടിൽ ജോലി ചെയ്തുകൊണ്ടിരിക്കെ, കർണ്ണാടക സംസ്ഥാനത്തുവെച്ച് ബസ്സിനു മുകളിൽ മരംവീണ് മരണമടഞ്ഞ കെ.എസ്.ആർ.ടി.സി. ഡ്രൈവർ പ്രവീണിന്റെ കുടുംബത്തിന് നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രവീണിന്റെ അനുജൻ ശ്രീ.ജഗത് നൽകിയ ആശ്രിത നിയമനത്തിനായുള്ള അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ആശ്രിത നിയമനം നൽകുന്നതിന് നിലവിലുള്ള തടസ്സമെന്താണ്;

(ഡി) അടിയന്തിരമായി ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

ബസ് സർവ്വീസ് എം.പി. ഫ്ളാഗ് ഓഫ് ചെയ്ത സംഭവം

5230 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സമ്മേളന സമയത്ത് തിരുവല്ല ഡിപ്പോയിൽ നിന്നും കുട്ടനാട്ടിലേയ്ക്ക് ആരംഭിച്ച ബസ് സർവ്വീസ് എം.പി. ഫ്ളാഗ് ഓഫ് നിർവ്വഹിച്ചത് ആരുടെ നിർദ്ദേശ പ്രകാരമാണെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രോട്ടോക്കോൾ ലംഘിച്ച് ഉദ്യോഗസ്ഥരും ഏതാനും രാഷ്ട്രീയ പ്രതിനിധികളും മാത്രം പങ്കെടുത്ത മീറ്റിംഗിനെക്കുറിച്ച് വകുപ്പുതലത്തിലൽ അന്വേഷണം നടത്തുമോ ;

(സി) പ്രോട്ടോക്കോൾ ലംഘിച്ച് മീറ്റിംഗ് വിളിച്ചുകൂട്ടിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പന്തളത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി</u>

5231 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശബരിമല സീസണ്‍ ആരംഭിക്കാനിരിക്കെ അടൂര്‍ നിയോജക മണ്ഡലത്തില്‍ അയ്യപ്പഭക്തന്മാരുടെ യാത്രാസൗകര്യത്തിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ;

(ബി) പ്രധാന ഇടത്താവളമായ പന്തളത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിലേക്കായി പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ക്രമീകരണങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് - പാണത്തൂർ - ബാംഗ്ളൂർ ബസ്</u>

5232 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിന്നും പാണത്തൂർ വഴി ബാംഗ്ളൂർ മടിക്കേരി എന്നിവിടങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യം പരിഗണിച്ച് ബസ് റൂട്ടുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ്</u>

5233 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ്, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, നീലേശ്വരം ചെറുപുഴ, ആലക്കോട്, ശ്രീകണ്ഠാപുരം, ഇരിട്ടി, മട്ടന്നൂർ, കൂത്തുപറമ്പ്, തലശ്ശേരി എന്നിവിടങ്ങളിൽ നിന്ന് പരിയാരം മെഡിക്കൽ കോളേജിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂര്‍ - പഴയങ്ങാടി-കണ്ണൂര്‍ റൂട്ടില്‍ കെ.എസ്.ആര്‍.ടി.സി. ചെയിന്‍ സര്‍വ്വീസ്</u>

5234 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ - പഴയങ്ങാടി-കണ്ണൂര്‍ റൂട്ടില്‍ കെ.എസ്.ആര്‍. ടി.സി. ചെയിന്‍ സര്‍വ്വീസ് പുന:സ്ഥാപിക്കുമോ;

(ബി) മുമ്പ് എത്ര ബസ്സുകള്‍ പ്രസ്തുത റൂട്ടില്‍ സര്‍വ്വീസ് നടത്തിയിരുന്നു;

(സി) നിലവില്‍ എത്ര ബസ് സര്‍വ്വീസ് നടത്തുന്നുണ്ട്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

വളളിക്കുന്ന് മണ്ഡലത്തിൽ ബസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

5235 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളളിക്കുന്ന് മണ്ഡലത്തിൽപ്പെട്ട തേഞ്ഞിപ്പാലം കോഴിക്കോട് യൂണിവേഴ്സിറ്റി പരിസരത്തു നിന്നും മലപ്പുറം, തിരൂർ, കോഴിക്കോട് തുടങ്ങിയ ഭാഗങ്ങളിലേയ്ക്ക് ബസ് സൗകര്യങ്ങൾ കുറവായതു സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി ബസ്സുകൾ ഓടിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

കൊല്ലം - വെറ്റമുക്ക് - ഭരണിക്കാവ് കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് പുനഃരാരംഭിക്കാൻ നടപടി

5236 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊല്ലം-വെറ്റമുക്ക് വഴി ഭരണിക്കാവിന് കഴിഞ്ഞ 30 വർഷമായി ഉണ്ടായിരുന്ന സർവ്വീസ് മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടിൽ യാത്രാ സൗകര്യം വളരെ കുറവായതിനാൽ പ്രസ്തുത സർവ്വീസ് പുനഃരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇത് എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി ബസ് സ്റ്റാൻന്റിലേക്കുള്ളബസ്സുകൾ ട്രിപ്പ്നടത്താൻ നടപടി</u>

5237 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിൽ പൊന്നാനി ബസ് സ്റ്റാന്റിലേക്കുള്ള ബസുകൾ കുണ്ടുകടവ് ജംഗ്ഷനിൽ ട്രിപ്പ് അവസാനിപ്പിക്കുന്നത് മൂലം താലൂക്ക് ആസ്ഥാനത്തേക്കുള്ള യാത്രക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുന്ദംകുളം, ഗുരുവായൂർ ഭാഗത്ത്നിന്ന് എത്ര പ്രൈവറ്റ് ബസുകൾ പൊന്നാനി സ്റ്റാന്റിലേക്ക് പെർമിറ്റ് എടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) കുണ്ടുകടവ് ജംഗ്ഷൻ വരെ എത്ര ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്;

(ഡി) ബസുകൾ പൂർണ്ണമായി സ്റ്റാന്റിലേക്ക് ട്രിപ്പ് നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) പുത്തൻപള്ളി - ചങ്ങരംകുളം റൂട്ടിൽ ബസുകൾ ട്രിപ്പ് മുടക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി ദീർഘദൂര സർവ്വീസ്

5238 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി ദീർഘദൂര സർവ്വീസ് നിലവിലില്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലയെ തെക്കു-വടക്കു ജില്ലകളുമായി ബന്ധപ്പെടുത്തി രാത്രികാലത്ത് ദീർഘദൂര സർവ്വീസുകൾ നിലവിലുണ്ടോ; എങ്കിൽ ഇതിൽ എത്ര സർവ്വീസുകൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) രാത്രികാല യാത്രാക്ലേശം ഒഴിവാക്കുന്നതിന് ഇത്തരം ദീർഘദൂര സർവ്വീസുകളിൽ ചിലത് വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കൊല്ലം - പ്ലാവറ വാട്ടർ ട്രാൻസ്പോർട്ട്</u>

5239

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തൃക്കടവൂർ കുരീപ്പുഴയിലെ തീരദേശത്ത് യാത്രാക്ലേശം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലത്തു നിന്നും പ്ലാവറയിലേയ്ക്ക് സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ സർക്കുലർ സർവ്വീസിനായി വഞ്ചിപ്പുഴ, പ്ലാവറ എന്നിവിടങ്ങളിലെ ബോട്ട് ജെട്ടികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(സി) കൊല്ലം - പ്ലാവറ സർക്കുലർ സർവ്വീസ് എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

**കേരള മോട്ടോർ വാഹന വകുപ്പ് പ്രസിദ്ധീകരിച്ച പൗരാവകാശ രേഖ**

5240

ശ്രീ. എളമരം കരീം
,, കെ. കെ. ജയചന്ദ്രൻ
,, കെ. ദാസൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരം കേരള മോട്ടോർ വാഹന വകുപ്പ് പ്രസിദ്ധീകരിച്ച പൗരാവകാശ രേഖ പൂർണ്ണമാണോ;

(ബി) പൗരാവകാശ രേഖ ഏതെങ്കിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ;

(സി) മുൻസർക്കാർ പുറപ്പെടുവിച്ച കരടു രേഖയിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അന്തിമരേഖ പൂർണ്ണവിവരങ്ങളോടുകൂടി പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം എന്താണ് ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ഭാഗത്തെ അപകടങ്ങൾ കുറയ്ക്കാൻ നടപടി</u>

5241 ശ്രീ.ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ജോലി എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ;

(ബി) നാഷണൽ ഹൈവേയിൽ ആറ്റിങ്ങൽ ആലംകോട് മുതൽ ചെമ്പകമംഗലം വരെയും എം.സി.റോഡിൽ പൊരുന്തമണിലും നിരന്തരമുള്ള റോഡപകടങ്ങൾ ഒഴിവാക്കാൻ റോഡ് സേഫ്റ്റി അതോറിട്ടിയും നാട്പാക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ചെക്ക് പോസ്റ്റുകളുടെ നവീകരണം

5242 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) പ്രസ്തുത ചെക്ക് പോസ്റ്റുകൾ അഴിമതിരഹിതമാക്കുന്നതിന് സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇങ്ങനെ സ്ഥാപിക്കുന്ന ക്യാമറകൾ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റുമായി ബന്ധപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വാഹന അപകടത്തിൽപ്പെടുന്നവർക്കുള്ള അടിയന്തിര ചികിത്സക്കായി സഹായനിധി</u>

5243 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ. പ്രദീപ്കുമാർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന അപകടത്തിൽപ്പെടുന്നവർക്കുള്ള അടിയന്തിര ചികിത്സക്കായി പ്രത്യേക സഹായനിധി രൂപീകരിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സഹായനിധി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) സഹായനിധിയിലേക്കുള്ള സർക്കാർ വിഹിതം എത്ര കോടിയാണ് ; മറ്റേതെല്ലാം നിലയിലാണ് സഹായ നിധി സ്വരൂപിച്ചിരിക്കുന്നത് ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതിനെതിരെ നടപടി</u>

5244 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിക്കകത്ത് സ്കൂൾ വാഹനം അപകടത്തിൽപ്പെട്ടതിനു ശേഷം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടത് ; അവ ഫലപ്രദമായി നടപ്പിൽ വരുത്താതിരുന്നത് എന്തുകൊണ്ടാണ് ;

(ബി) ഇത്തരം വാഹനങ്ങളിൽ സ്പീഡ് ഗവേർണർ ഉണ്ടെന്നും, 10 വർഷത്തിലധികം ഹെവി വാഹനങ്ങൾ ഓടിച്ച് പരിചയമുള്ള ഡ്രൈവർമാരാണ് വാഹനമോടിക്കുന്നതെന്നും ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വളരെ പഴക്കമുള്ളതും യന്ത്രതകരാർ ഉള്ളവയുമായ വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളുടെ തൽസമയ വിവരങ്ങൾ അറിയുന്നതിന് ജി. പി. എസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി</u>

5245 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളിലുണ്ടാകുന്ന അപകടം തടയുന്നതിനായി സ്കൂൾ വാഹനങ്ങളുടെ വിശദവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) എങ്കിൽ എവിടെനിന്നൊക്കെയാണ് ഇങ്ങനെ വിവരങ്ങൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) സ്കൂൾ വാഹനങ്ങളുടെ തൽസമയ വിവരങ്ങൾ അറിയുന്നതിന് ജി. പി. എസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

വര്‍ദ്ധിച്ചു വരുന്ന വാഹനാപകടങ്ങള്‍

5246 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് വാഹനാപകടങ്ങളും, തന്മൂലം ഉണ്ടാകുന്ന മരണങ്ങളും വര്‍ദ്ധിച്ചു വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് ഒരു പരിധി വരെ കാരണം അശ്രദ്ധമായും മദ്യപിച്ചും വാഹനമോടിക്കുന്നത് ആയതിനാല്‍ ഇത്തരത്തില്‍ അപകടം സൃഷ്ടിക്കുന്നവര്‍ക്കെതിരെ കര്‍ശന നടപടി സ്വീകരിക്കുമോ;

(സി) അപകടം മൂലം ഗുരുതരമായ പരിക്കോ, ഒരാള്‍ക്കെങ്കിലും ജീവനാശം സംഭവിക്കുകയോ ചെയ്താല്‍ വാഹനമോടിച്ചവരുടെ ലൈസന്‍സ് പുതുക്കി നല്‍കാതിരിക്കുവാനും കണ്ടുകെട്ടുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിന്റെ വിപുലീകരണം</u>

5247

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പ് വിപുലപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകളുടെ അമിതവേഗം</u>

5248 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ സ്വകാര്യ ബസ്സുകളുടെ അമിതവേഗം നിമിത്തം യാത്രക്കാരുടെ ജീവന് ഭീഷണിയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ്സുകളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് തൃശൂർ ജില്ലയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആര്‍.ടി ഓഫീസുകളിലെ ഇടനിലക്കാര്‍ക്കെതിരെ നടപടി</u>

5249 ശ്രീ. ഇ. പി. ജയരാജന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, വി. ശിവന്‍കുട്ടി
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആര്‍. ടി. ഓഫീസുകളില്‍ ഇടനിലക്കാര്‍ സജീവമായിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) റീജിയണല്‍ ട്രാന്‍സ്പോര്‍ട്ട് ഓഫീസിന്റെ ഭരണപരമായ കാര്യങ്ങളില്‍ ഇടപെടാന്‍ ഇടനിലക്കാര്‍ക്ക് കഴിയുന്ന സാഹചര്യം ഇല്ലാതാക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) ഏതെങ്കിലും ആര്‍.ടി. ഓഫീസില്‍ അനധികൃതമായി പ്രവേശിച്ച ഇടനിലക്കാര്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

## വ്യാജ വാഹന രജിസ്ട്രേഷനുകൾ

5250 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാഹിയിൽ വ്യാജവിലാസം നൽകി കേരളത്തിലുള്ളവർ ഇരു ചക്രവാഹനം മുതൽ ലോറി വരെയുള്ള ധാരാളം വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളെ കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതുമൂലം സർക്കാരിന് എത്രരൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ

## 24.10.2011-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിന്റെ ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ</u>

5251 ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പൈലറ്റ് പ്രോജക്ടായി എവിടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>'ഡ്രൈവിംഗ് സ്ക്കൂളുകൾ' മാനദണ്ഡങ്ങൾ</u>

5252 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഡ്രൈവിംഗ് സ്ക്കൂളുകൾ' തുടങ്ങാനാവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഡ്രൈവിംഗ് സ്ക്കൂളുകൾ നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) നാദാപുരം മണ്ഡലത്തിൽ എത്ര അംഗീകൃത ഡ്രൈവിംഗ് സ്ക്കൂളുകൾ നിലവിലുണ്ടെന്ന് പേരു സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

**<u>പമ്പയിലും പരിസരങ്ങളിലും പ്ലാസ്റ്റിക് നിരോധിക്കുന്നതിനുള്ള നടപടികൾ</u>**

5253 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പമ്പയാറ്റിൽ ഉ ാകുന്ന മാലിന്യം നീക്കം ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പമ്പയിലും പരിസരങ്ങളിലും പ്ലാസ്റ്റിക് നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കാൻ നടപടി</u>

5254 ശ്രീ. പി. എ. മാധവൻ
'' ഷാഫി പറമ്പിൽ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ മുഴുവൻ ജോലികളും ഈ സീസണ് മുൻപ് പൂർത്തിയാകുമോ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനു മേൽനോട്ടം വഹിക്കുവാൻ മന്ത്രിസഭാ ഉപസമിതിക്കു രൂപം നൽകിയിട്ടുേ ാ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പുല്ലുമേട് ദുരന്തം</u>

5255 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുല്ലുമേട് ദുരന്തം പോലെയുള്ളവ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അയ്യപ്പഭക്തർക്ക് എല്ലാവിധ സൗകര്യങ്ങളും നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ശബരിമല ഇടത്താവളങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ശബരിമലതീർത്ഥാടനത്തിലെ ഇടത്താവളങ്ങൾ</u>

5256 ശ്രീ.തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ തീർത്ഥാടനത്തിന് ഇടത്താവളങ്ങളായി ഏതെല്ലാം ക്ഷേത്രങ്ങളെയാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) തിരുവിതാംകൂർ ദേവസ്വത്തിന്റേതല്ലാത്ത എതെങ്കിലും ക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(സി) എന്തെല്ലാമാണ് മാനദണ്ഡങ്ങൾ;

(ഡി) പ്രസ്തുത ക്ഷേത്രങ്ങളിൽ ഏന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിവരുന്നത്;

(ഇ) മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(എഫ്) കൂടുതൽ ക്ഷേത്രങ്ങളെ ഇടത്താവളങ്ങളായി പ്രഖ്യാപിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ക്ഷേത്ര ഉപദേശകസമിതികളുടെ രൂപീകരണം

5257 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്ര ഉപദേശക സമിതികളുടെ രൂപീകരണത്തിന് ബഹു: ഹൈക്കോടതി നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ക്ഷേത്ര ഉപദേശക സമിതികളുടെ രൂപീകരണത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ദേവസ്വം ബോര്‍ഡ് സ്വകാര്യക്ഷേത്രങ്ങള്‍
ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍

5258 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡ് സ്വകാര്യക്ഷേത്രങ്ങള്‍ ഏറ്റെടുക്കുന്നതിനുവേ ി നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ് ;

(ബി) ആയതിന്റെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റതിനുശേഷം തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡ് ക്ഷേത്രങ്ങള്‍ ഏറ്റെടുത്തിട്ടുേ ാ ;

(ഡി) എങ്കില്‍ അവ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>യക്ഷി അമ്മ ആൽത്തറ ദേവീക്ഷേത്രം ഏറ്റെടുക്കുന്നതിനു നടപടി</u>

5259 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തു നിന്നും കേവലം ര ു കിലോമീറ്ററിനുള്ളിൽ വെള്ളയമ്പലത്ത് യക്ഷി അമ്മ ആൽത്തറദേവീ ക്ഷേത്രം എന്ന ഒരു ക്ഷേത്രം സ്ഥിതി ചെയ്യുന്നത് ദേവസ്വം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു േ ാ ;

(ബി) എങ്കിൽ പ്രസ്തുത ക്ഷേത്രം എന്തു കൊ ാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് നാളിതുവരെ ഏറ്റെടുക്കാതിരിക്കുന്നത് ;

(സി) പ്രസ്തുത ക്ഷേത്രം എത്രയും വേഗം തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾ</u>

5260 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിൽതളിപ്പറമ്പ് മണ്ഡലത്തിൽപ്പെട്ട ക്ഷേത്രങ്ങൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ നവീകരണത്തിനായി നല്കിയ ധനസഹായങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തെ ഏതൊക്കെ ക്ഷേത്രങ്ങളിൽ വച്ചാണ് അപേക്ഷ നല്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത ധനസഹായം എപ്പോൾ വിതരണം ചെയ്യുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വാമനപുരം ദേവസ്വംബോര്‍ഡ് സ്കൂളില്‍ പ്ലസ്ടു കോഴ്സ്</u>

5261 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആറ്റിങ്ങല്‍ പുളിമാത്ത് പഞ്ചായത്തില്‍ സ്ഥിതി ചെയ്യുന്ന വാമനപുരം ദേവസ്വം ബോര്‍ഡ് ഹൈസ്ക്കൂളില്‍ ആകെ എത്ര കുട്ടികള്‍ പഠിക്കുന്നു ് ; എത്ര അദ്ധ്യാപകരും, എത്ര ഡിവിഷനുകളും ഉ ന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളില്‍ പ്ലസ്ടു അനുവദിച്ചുകിട്ടാന്‍ ദേവസ്വം ബോര്‍ഡ് ശ്രമിക്കുന്നുേ ാ ; എങ്കില്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?